9. കൺസ്യൂമർഫെഡിന് പദ്ധതിയിനത്തിൽ 51.34 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 229.50 കോടി രൂപയും അനുവദിച്ചു.

10. സംസ്ഥാന സഹകരണ ബാങ്കിന് മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി 286 കോടി രൂപ അനുവദിച്ചു.

11. സഹകരണ റിസ്ക് ഫണ്ട് പദ്ധതിക്ക് 5 കോടി രൂപ അനുവദിച്ചു.

12. ഐ.സി.ഡി.പി. പദ്ധതി പ്രകാരം വയനാട് ജില്ലയിൽ രണ്ടാംഘട്ടം പദ്ധതി നടപ്പിലാക്കി.

സഹകരണ ബാങ്കുകളിലെ നിയമനം

82 (428) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിലെ നിയമനം സംബന്ധിച്ച് പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വരും ; പുതിയ ഉത്തരവ് പ്രകാരം പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) സഹകരണ ബാങ്കുകളിലെ അറ്റൻഡർ, പ്യൂൺ തസ്തികകളിലുള്ളവരുടെ പ്രൊമോഷന് നേരത്തേ നിഷ്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; അവ പുതിയ ഉത്തരവിൽ വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ വ്യത്യാസങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(സി) ബാങ്കിലെ ഒരു ജീവനക്കാരന് പ്രൊമോഷൻ ലഭിക്കണമെങ്കിൽ പുറമേ നിന്നും 4 പേരെ പുതുതായി ജോലിക്കെടുക്കണം എന്നൊരു നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഒന്നോ രണ്ടോ ജീവനക്കാർ മാത്രമുള്ള ചെറിയ പ്രാഥമിക ബാങ്കുകളിൽ ഇത് എങ്ങനെ നടപ്പാക്കും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2014 നവംബർ മാസം 26 മുതൽ പ്രാബല്യമുണ്ട്.

മാനദണ്ഡങ്ങൾ :

1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 186 പ്രകാരം

1. സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ പ്യൂൺ/അറ്റൻഡർ തസ്തികയിലെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ് പാസ്സായിരിക്കണമെന്നും ബിരുദ വിദ്യാഭ്യാസം ഉണ്ടാകുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ പാർട്ട്ടൈം സ്വീപ്പർ തസ്തികയുടെ നിയമന യോഗ്യത, ഇത്ത് വൃത്തിയാക്കുന്നതിനാവശ്യമായ ശാരീരികക്ഷമത ഉണ്ടാകണമെന്നും എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയോ പാസ്സാകുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3. സഹകരണ സ്ഥാപനങ്ങളിലെ നിയമന യോഗ്യതയായി നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ബിരുദ വിദ്യാഭ്യാസം 10+2+3 യോ അതിൽ കൂടുതൽ വർഷമോ എന്ന രീതിയിലുള്ളതാവണം. കൂടാതെ കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും നേടുന്ന ബിരുദത്തിന് കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും തുല്യതാ സർട്ടിഫിക്കറ്റ് നേടിയിരിക്കണമെന്നും. വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകളിലെ/സംഘങ്ങളിലെ അറ്റൻഡർ, പ്യൺ തസ്തികകളിലുള്ളവർക്ക് ജൂനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 185-ന്റെ മൂന്നാം പ്രൊവിസോ പ്രകാരം മൂന്ന് വർഷത്തെ സേവനവും ജൂനിയർ ക്ലർക്ക് തസ്തികയ്ക്ക് ആവശ്യമായ നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയും ഉണ്ടായിരിക്കണം.

2. സഹകരണ ബാങ്കുകൾക്ക് ബാധകമായ റിക്രൂട്ട്മെന്റ് റൂൾസ്/ ഫീഡർ കാറ്റഗറി റൂൾസിലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം.

മേൽ മാനദണ്ഡങ്ങൾ പൂർണ്ണമായും വ്യത്യാസപ്പെടുത്തിയിട്ടില്ല. സഹകരണ സംഘം ചട്ടം 185 ഉപ ചട്ടം 10 പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയിലെ ക്ലർക്ക് തസ്തികയിലേയ്ക്ക് 1:4 എന്ന അനുപാതത്തിൽ നടത്തുന്ന ഉദ്യോഗക്കയറ്റം/നേരിട്ടുള്ള നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥയാണ് പുതിയതായി നിലവിൽ വന്നത്.

(സി) ബാങ്കിലെ ഒരു ജീവനക്കാരന് പ്രൊമോഷൻ ലഭിക്കണമെങ്കിൽ പുറമേ നിന്നും 4 പേരെ പുതുതായി ജോലിക്കെടുക്കണം എന്നൊരു നിയമം പ്രാബല്യത്തിൽ വന്നിട്ടില്ല. പ്രാഥമിക സഹകരണ ബാങ്കുകളിലെ ക്ലാർക്ക് തസ്തിക മുതൽ ഉയർന്ന തസ്തികകളിലേക്ക് നിയമനം നടത്തുന്നത് സഹകരണ പരീക്ഷാബോർഡ് നടത്തുന്ന എഴുത്ത് പരീക്ഷയുടെ അടിസ്ഥാനത്തിലാണ്. മേൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് 1:4 എന്ന അനുപാതത്തിൽ ഉദ്യോഗക്കയറ്റം മുഖേനയും നേരിട്ടും നിയമനം നടത്തുവാനാണ് മേൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒന്നോ രണ്ടോ ജീവനക്കാർ മാത്രമുള്ള ചെറിയ പ്രാഥമിക ബാങ്കുകളിലെ ജൂനിയർ ക്ലർക്ക് തസ്തികയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിലേയ്ക്ക് പ്യൺ/ അറ്റൻഡർ തസ്തികയിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ നൽകിക്കൊണ്ട് പ്രസ്തുത ചട്ട വ്യവസ്ഥ നടപ്പിലാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly